PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1964.

Friday, the 28th February, 1964

Vol. XVIII] OFFICIAL REPORT [No. 15

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 28th February, 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Questions and answers. Question number 1, Shri C. K. Balakrishnan.

എലക്ട്രിസിറ്റി ബോർഡ് നടത്തിയ നിയമനങ്ങൾ.

* 443. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-62, 1962–63, 1963-64 (ഡിസംബർവരെ) എലക്ട്രിസിറ്റി ബോർഡ് നേരിട്ട നടത്തിയ നിയമനങ്ങൾ എത്ര;

(ബി) ഏതെല്ലാംതസ്തികകളിലേക്ക്;

(സി) എലക്ട്രിസിറ്റി ബോർഡ് നേരിട്ട നിയമനങ്ങൾ നടത്തുന്നതിനെ തടഞ്ഞുകൊണ്ട് ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(ഡി) ഈ നിർദ്ദേശം നൽകിയതിനുശേഷം ജൂനിയർ എഞ്ചിനീയർമാരെയും ടൈപ്പിസ്റ്റുകളേയും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) ഈ നിയമനങ്ങൾ നടത്തുന്നതിന് ബോർഡ് പബ്ലിക് സർവ്വീസ് കമ്മിഷൻ പാലിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ സംവരണത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം, എത്രപേർ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 1961–62–ൽ 481, 1962-63-ൽ 841, 1963–64–ൽ (ഡിസംബർവരെ) 488 നിയമനങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട നടത്തിയിട്ടുണ്ട്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.†

(സി) 30-1-1963-ലെ ജി. ഓ. ആർ. 1റി. 247–ൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ (കൂടുതൽ പ്രവൃത്തി) ബിൽ പാസായി നിയമമാകുന്നതുവരെ ഗവണ്മെൻറിന്റെ അനുവാദം കൂടാതെ ബോർഡ് നേരിട്ട നിയമനങ്ങൾ നടത്തരുതെന്നു് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ജൂനിയർ എൻജിനീയർ (ഇലക്ട്രിക്കൽ) 42
ജൂനിയർ എൻജിനീയർ (സിവിൽ) 117
ടൈപ്പിസ്റ്റ് 42

(ഈ) ഉണ്ട്.

(എഫ്) വിശദവിവരം കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് †

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഈ ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന പ്രകാരം നൂറു ക്ലാർക്കന്മാരെയും, എൺപത്തിരണ്ട് പ്യൺമാരെയും നിയമിച്ചിട്ടുണ്ട്. ഈ നിയമനങ്ങളെല്ലാം ബോർഡ് നേരിട്ട നിയമനങ്ങൾ നടത്തരുതെന്നു് ഗവണ്മെൻറിൽനിന്നും നിർദ്ദേശം കൊടുത്തതിനുശേഷമാണോ നടത്തിയിട്ടുള്ളു?

ശ്രീ. ആർ. ശങ്കർ: 1963–64–ലെ മൊത്തം നിയമനങ്ങളുടെ എണ്ണമാണ് നൂറ് എന്നു പറഞ്ഞിരിക്കുന്നതു്. ഗവണ്മെൻറിൽനിന്നും നിർദ്ദേശം കൊടുത്തതു് 30–1–63-ലാണ്, അതിനുമുമ്പു നടത്തിയിട്ടുള്ള നിയമനങ്ങളാണ് അവ.

ശ്രീ. പി. രവീന്ദ്രൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അഡ്വൈസറി ഫങ്ഷൻ ആക്കി നടപ്പിലാക്കാൻ താമസം ഉണ്ടാകുമോ? ഈ ബിൽ നിയമസഭ പാസാക്കിയതിനുശേഷം ബോർഡ് നേരിട്ട് ഏതെങ്കിലും നിയമനം നടത്തിയിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: കഴിയുന്നതുംവേഗം ആക്ടായി നടപ്പിലാക്കുന്നതാണ്. അതിനുമുമ്പു അത്യാവശ്യമായി വേണ്ടിവരുന്ന നിയമനങ്ങളെല്ലാം മുൻകൂട്ടിയുള്ള ഗവണ്മെൻറിന്റെ അനുവാദം വാങ്ങിക്കൊണ്ട് നടത്താവുന്നതാണ്.

ശ്രീ. പി. സി. ആദിച്ചൻ: 1963–64–ൽ ക്ലാർക്കന്മാരോ അതിനു മുകളിലോട്ടോ ഉള്ള ഉദ്യോഗങ്ങളിൽ അല്ലാതെ, ബോർഡിൽ നിയമിച്ചിട്ടുള്ള ശിപായിമാരിൽ എത്ര പട്ടികജാതിക്കാർ ഉണ്ടെന്നു് പറയാമോ?

ശ്രീ. ആർ. ശങ്കർ: ക്ലാർക്കായിട്ടോ അതിനു മുകളിലുള്ള ഉദ്യോഗങ്ങളിലോ എന്നുള്ളതു കൂടി കണക്കിലെടുക്കാവുന്നതാണ്. ഇപ്പോൾ നിയമിച്ചിട്ടുള്ള ശിപായിമാരിൽ എത്രപേർ പട്ടികജാതിക്കാരിൽനിന്നും ഉണ്ടെന്നുള്ളതിനു് പ്രത്യേകം കണക്കില്ല. പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാവുന്നതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കഴിഞ്ഞ മൂന്നു നാലു കൊല്ലങ്ങളായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും എടുത്തിട്ടുള്ള ഇരുനൂറിൽപരം ജൂനിയർ ഓവർസീയർമാരെ ഇലക്ട്രിസിറ്റി ബോർഡിൽ നിയമിച്ചിട്ടുണ്ട്. അവക്കാവശ്യമായ എല്ലാ യോഗ്യതകളും ഉണ്ട്. അങ്ങനെയുള്ളവരെ അവിടെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളെടുക്കുമോ?

Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിക്കപ്പെടുന്നതെല്ലാംതന്നെ താൽക്കാലികമായിട്ടുള്ള നിയമനങ്ങളാണ്. യോഗ്യതയുള്ളവരെമാത്രമേ അവിടെനിന്നും നിയമിക്കുകയുള്ളൂ. ഏതായാലും അവർക്ക് സ്ഥിരമായ നിയമനം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നടത്തുന്ന നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവീസ് കമ്മിഷനിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് നടത്തുന്നതെന്നു പറഞ്ഞു. ആ നിലയ്ക്ക് ഇപ്പോൾ ഇലക്ട്രിസിറ്റിബോർഡ് നേരിട്ട നിയമനം നടത്തേണ്ട ആവശ്യമില്ലെന്നു പറയുവാനുള്ള കാരണം എന്താണ്?

ശ്രീ. ആർ. ശങ്കർ: അവിടെയുള്ള നിയമനത്തെപ്പറ്റി പൊതുവേ പരാതികളും ഗവണ്മെന്റിലേക്ക് കിട്ടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ബോർഡിലേയ്ക്ക് നടത്തുന്ന നിയമനങ്ങളും ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള നിർദ്ദേശം വാങ്ങിക്കൊണ്ടേ നടത്താവൂ എന്നു തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ആദിച്ചൻ: ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് ഇപ്പോൾ 82 ശിപായിമാരെ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതിൽ പട്ടികജാതിക്കാരിൽനിന്നും ഒരാളെയെങ്കിലും എടുത്തിട്ടുണ്ടോയെന്നു പറയാൻ മടിയുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: പട്ടികജാതിക്കാരിൽനിന്നും ഒരാളില്ല എന്നതാണ് ആളുകൾ കാണും.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിലേക്ക് എടുത്തിട്ടുള്ള 82 ശിപായിമാരിൽ ഒരൊറ്റ പട്ടികജാതിക്കാരും ഇല്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ വ്യക്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: പബ്ലിക്ക് സർവീസ് കമ്മിഷൻ അഡീഷണൽ ഫങ്ഷൻ ആക്റ്റ് നടപ്പിലാക്കുന്നതുവരെ ഇലക്ട്രിസിറ്റി ബോർഡിലേയ്ക്കുള്ള നിയമനം നടത്തുന്നതു ഗവണ്മെന്റിന്റെ നിർദ്ദേശത്തോടുകൂടിയായിരിക്കണമെന്നു പറഞ്ഞു. എന്നാൽ അതു പബ്ലിക് സർവീസ് കമ്മീഷൻ അഡീഷണൽ ഫങ്ഷൻ ആക്റ്റിലുള്ള സംവരണ തത്വം അതേപടി പാലിച്ചുകൊണ്ടാണോ ഇടക്കാല നിയമനം നടത്തിയിട്ടുള്ളതു?

ശ്രീ. ആർ. ശങ്കർ: പല കാര്യങ്ങളെപ്പറ്റി ആലോചിച്ചതിന്റെ ഫലമായിട്ടു ഇലക്ട്രിസിറ്റി ബോർഡിലേയ്ക്കുള്ള നിയമനം പബ്ലിക്ക് സർവീസ് കമ്മീഷനെ കൊണ്ടു നടത്തിക്കുന്നതായിരിക്കും നല്ലതെന്നു വിചാരിച്ചാണ് അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചതു. ഇനി അവിടെ നടത്തുന്ന നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവീസ് കമ്മിഷന്റെ ചട്ടങ്ങൾക്കനുസരിച്ചായിരിക്കും.

പാലങ്ങളുടെ പണി.

* 444. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ആരംഭിച്ച എത്ര പാലങ്ങളുടെ പണി ഇനിയും പൂർത്തിയാകാനുണ്ടെന്നു പറയാമോ; അവ ഏതെല്ലാം;

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട കണ്ടശാംകടവു പാലത്തിന്റെ പണി പൂർത്തിയായതെന്നാണ്;

(സി) അതിപ്പോഴും പൊതുജനാവശ്യത്തിനു വേണ്ടി തുറന്നുകൊടുത്തിട്ടില്ലേ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തു?

LIBRARY ARCHIVES Kerala Legislative Assembly